എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 4, ലക്കം 05 | 2023 മെയ് 05




# CEIBIC ക്ലീൻടെക് ചലഞ്ച് അവാർഡുകൾ മന്ത്രി കെ. കൃഷ്ണൻകുട്ടി വിതരണം ചെയ്തു

ക്ലീൻ എനർജി ഇന്നൊവേഷൻ ആന്റ് ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ (CEIBIC) സംഘടിപ്പിച്ച ക്ലീൻടെക് ചലഞ്ചിന്റെ ഗ്രാൻഡ് ഫിനാലെ വിജയകരമായി സമാപിച്ചു. ഫിനാലെ ഉദ്ഘാടനം ചെയ്ത സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ.കൃഷ്ണൻകുട്ടി ചലഞ്ചിലെ വിജയികളെ പ്രഖ്യാപിച്ചു. ഏപ്രിൽ 12 ന് രാവിലെ തിരുവനന്തപുരം കവടിയാറിലെ ഉദയ് പാലസിലായിരുന്നു ഫിനാലെ സംഘടിപ്പിച്ചത്. ഉദ്ഘാടന സമ്മേളനത്തിൽ വട്ടിയൂർക്കാവ് മണ്ഡലം എം.എൽ.എ. ശ്രീ. വി. കെ. പ്രശാന്ത് അധ്യക്ഷത വഹിച്ചു. കേരള സർക്കാർ ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ് മുഖ്യപ്രഭാഷണം നടത്തി. എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതം പറഞ്ഞു.

സമൂഹത്തിന്റെ താഴെത്തട്ടിൽ ക്ലീൻ എനർജി മേഖലയിൽ ഇന്നൊവേഷനും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുക എന്നതാണ് CEIBIC–യുടെ പ്രധാന ലക്ഷ്യം. ചലഞ്ചിന്റെ അവസാന റൗണ്ടിലെത്തിയ 18 ൽ നിന്ന് 10 സ്റ്റാർട്ടപ്പുകളെ CEIBIC ഫിനാലെയിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യുകയും വിജയികളായി പ്രഖ്യാപിക്കുകയും ചെയ്തു. സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള 1000 –ഓളം എൻ.എസ്സ്.എസ്സ് (നാഷണൽ സർവീസ് സ്കീം) വളണ്ടിയർമാരും പരിപാടിയിൽ സജീവമായി പങ്കാളികളായി.

എമറൈൻ യെസ്സെൻ, ഗ്രിഡ് ഫ്ലോ, ഹ്ലബ കാർബൺ നാനോട്യൂബ്സ്, മിസ്റ്റിയോ, നോർബെർട്ട് ഹെവിറ്റ്, പ്രകേറ്റ, സെക്കൻഡ് ലൈഫ്, സോളാർ ഭായ്, സ്റ്റീർ സോളാർ, ട്രാൻക്വിലിറ്റി- എന്നീ സ്റ്റാർട്ട്–അപ്പുകളെയാണ് ക്ലീൻടെക് ചലഞ്ചിലെ വിജയികളായി പ്രഖ്യാപിച്ചത്.

ശ്രീ. കെ. ആർ. ജ്യോതിലാൽ IAS (അഡീഷണൽ ചീഫ് സെക്രട്ടറി, കേരള ഗവൺമെന്റ്), ഡോ. പി. വി. ഉണ്ണികൃഷ്ണൻ (മെമ്പർ സെക്രട്ടറി, K–DISC), ഡോ. ജി. ഗണേഷ് ദാസ് (ചീഫ് –കൊളാബൊറേഷൻ & ഇന്നൊവേഷൻ, ദി ടാറ്റ പവർ കമ്പനി ലിമിറ്റഡ്), ശ്രീമതി. സ്മിത രാകേഷ് (വൈസ് പ്രസിഡന്റ് & പാർട്ണർ, ക്ലൈമറ്റ് & സസ്റ്റൈനബിലിറ്റി, സോഷ്യൽ ആൽഫ) എന്നിവർ ആശംസകൾ നേർന്നു. ശ്രീ. അനിൽകുമാർ വി. സി. (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ), ശ്രീ. ആർ. ജയകുമാർ (ജോയിന്റ് ചീഫ് ടെക്നിക്കൽ മാനേജർ, അനെർട്ട്), ശ്രീ. സി. സുരേഷ് കുമാർ (ഡയറക്ടർ, കെ.എസ്.ഇ.ബി.എൽ.), ഡോ. ജോയ് വർഗീസ് വി.എം. (പ്രോഗ്രാം കോർഡിനേറ്റർ, എ.പി.ജെ.കെ.ടി.യു. എൻ.എസ്.എസ്. സെൽ), ശ്രീ. ബി. വി. സുഭാഷ് ബാബു (രജിസ്ട്രാർ, ഇ.എം.സി.) എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സോഷ്യൽ ആൽഫ ഡയറക്ടർ ശ്രീ. ജേക്കബ് പൗലോസ് നന്ദി പറഞ്ഞു.



ബഹു. മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ക്ലീൻടെക് ചലഞ്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു




ക്ലീൻടെക് ചലഞ്ച് ഗ്രാന്റ് ഫിനാലെയിൽ ശ്രീ. വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിച്ച് സംസാരിക്കുന്നു

# 'എന്റെ കേരളം' മേള; പ്രദർശനശാലകളൊരുക്കി ഇ.എം.സി

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി ജില്ലകൾ കേന്ദ്രീകരിച്ച് നടത്തിവരുന്ന 'എന്റെ കേരളം' പരിപാടികളിൽ ഇ.എം.സി. പ്രദർശനശാലകളൊരുക്കി. ഇ.എം.സി. ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'അംഗൻജ്യോതി' പദ്ധതിയെ പരിചയപ്പെടുത്തുന്ന എക്സിബിഷൻ സ്റ്റാളുകളാണ് തയ്യാറാക്കിയത്. കേരളത്തിലെ മുഴുവൻ അംഗൻവാടികളെയും ഊർജകാര്യക്ഷമതയിലും അക്ഷയ ഊർജത്തിലുമൂന്നി സ്വയംപര്യാപ്തമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് അംഗൻജ്യോതി പദ്ധതി ആവിഷ്കരിച്ചത്. നിലവിൽ കഴക്കൂട്ടം മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്.



പരമ്പരാഗതമായ ഗ്യാസ് ഉപയോഗിച്ചുള്ള പാചകരീതിയെ മാറ്റി പകരം ഊർജകാര്യക്ഷമമായി പ്രവർത്തിക്കുന്ന ഇലക്ട്രിക് പാചക സംവിധാനം നടപ്പിലാക്കുക , അങ്കണവാടി കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ, ഇലക്ട്രിക് ചാർജിങ് പോയിന്റുകൾ സ്ഥാപിക്കൽ, മറ്റ് ഊർജകാര്യക്ഷമമായ ഉപകരണങ്ങൾ വിതരണം ചെയ്യൽ ഉൾപ്പെടെയുള്ള വിവിധ ലക്ഷ്യങ്ങളാണ് പദ്ധതിക്കുള്ളത്.

ഏപ്രിൽ മാസത്തിൽ 6 ജില്ലകളിൽ പ്രദർശനം പൂർത്തിയായി. മേളയുടെ ഭാഗമായെത്തിയ പൊതുജനങ്ങളിൽ നിരവധി പേരാണ് ഇ.എം.സി. സ്റ്റാൾ സന്ദർശിക്കുകയും പദ്ധതിവിവരങ്ങൾ ചോദിച്ചറിയുകയും ചെയ്തത്. ഇതുകൂടാതെ, മുഹമ്മ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച പാതിരാമണൽ'23 ഫെസ്റ്റിലും ഇ.എം.സി. പ്രദർശനശാല തയ്യാറാക്കിയിരുന്നു. സ്റ്റാൾ ബഹു. ആലപ്പുഴ എം.പി ശ്രീ. എ. എം. ആരിഫ് ഉദ്ഘാടനം ചെയ്തു.



വയനാട് കൽപറ്റ SKMJHS സ്കൂളിൽ നടന്ന 'എന്റെ കേരളം' മേളയിലെ ഇ.എം.സി. പ്രദർശന സ്റ്റാൾ



പാതിരാമണൽ'23 ഫെസ്റ്റിലെ ഇ.എം.സി. സ്റ്റാൾ ബഹു. എം.പി., എ.എം. ആരിഫ് ഉദ്ഘാടനം ചെയ്യുന്നു

# എനർജി എഫിഷ്യൻസി ബിൽഡിങ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചു

എനർജി മാനേജ്മെന്റ് സെന്റർ 2023 ഏപ്രിൽ 26 ന് തലശ്ശേരി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ അദ്ധ്യാപകർക്കായി "എൻവലപ്പ് ഒപ്റ്റിമൈസേഷൻ ഫോർ ECBC, ENS" എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. ബി.ഇ.ഇ. സർട്ടിഫൈഡ് ഇ.സി.ബി.സി. മാസ്റ്റർ ട്രെയിനർ ശ്രീ.ജിതേന്ദ്രകുമാർ വ്യാസ്, ശ്രീ. എം. മഹേഷ് കുമാർ എന്നിവർ പരിശീലനം നടത്തി. ഇ.എം.സി.യിൽ പ്രവർത്തിക്കുന്ന ഇ.ഇ.ബി. സെല്ലിലെ പ്രോജക്ട് ഓഫീസർ ശ്രീ. സരുൺ കുമാർ കെ. പി., ശ്രീമതി ദിവ്യ പി. ജി. എന്നിവരുടെ സാന്നിധ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

2023 ഏപ്രിൽ 27,28 തീയതികളിൽ 'GRACE' (Graduates Association of Civil Engineers) എഞ്ചിനീയർമാർക്കായി "ECBC റൂൾസ് & കംപ്ലയൻസ് പ്രൊസീജിയർ" എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. കണ്ണൂരിലെ റോയൽ ഒമർസ് ഹോട്ടലിൽ വച്ചാണ് പരിപാടി നടന്നത്. ബി.ഇ.ഇ. സർട്ടിഫൈഡ് ഇ.സി.ബി.സി. മാസ്റ്റർ ട്രെയിനർ ശ്രീ. ജിതേന്ദ്രകുമാർ വ്യാസ്, എം. മഹേഷ് കുമാർ എന്നിവരാണ് പരിശീലനം നടത്തിയത്. ഇ.ഇ.ബി. സെൽ പ്രോജക്ട് ഓഫീസർ ശ്രീ. സരുൺ കുമാർ കെ. പി., ഇ.എം.സി.യുടെ എംപാനൽമെന്റ് നടപടിക്രമങ്ങളെക്കുറിച്ച് വിശദീകരിച്ചു. ഇ.ഇ.ബി. സെൽ പ്രോജക്ട് ഓഫീസർ ശ്രീമതി. ദിവ്യ പി. ജി. സന്നിഹിതയായിരുന്നു.



തലശ്ശേരി കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ വച്ച് നടന്ന ഏകദിന പരിശീലന പരിപാടി



കണ്ണൂരിൽ നടന്ന ഗ്രേസ് എഞ്ചിനീയർമാർക്കുള്ള ദ്വിദിന പരിശീലന പരിപാടി

# കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണത്തിനായുള്ള നിയമങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം

**കെ**ട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണത്തിനായുള്ള നിയമങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം 2023 ഏപ്രിൽ 25 ന് തൃശ്ശൂരിലെ കില ആസ്ഥാനത്ത് വെച്ച് നടന്നു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ പരിശീലന പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു. കില അസിസ്റ്റന്റ് ഡയറക്ടർ ഡോ. കെ. പി. എൻ.അമൃത, കിലയിലെ ഉദ്യോഗസ്ഥരായ ഡോ. അനശ്വര, ശ്രീ. വിനീത് തുടങ്ങിയവരും ഇ.എം.സി.യിലെ എനർജി ടെക്നോളജിസ്റ്റ് ശ്രീ. ടോംസൺ സെബാസ്റ്റ്യൻ തുടങ്ങിയവരും സന്നിഹിതരായി.

തദ്ദേശ വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി (കില) ചേർന്ന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും (സീനിയർ ക്ലർക്ക്/ക്ലർക്ക്), ഫ്രണ്ട് ഓഫീസ് ഉദ്യോഗസ്ഥർക്കുമായി "എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് & ഇക്കോ നിവാസ് സംഹിത" എന്ന വിഷയത്തിൽ സംസ്ഥാന തലത്തിൽ 25 പരിശീലന പരിപാടികളാണ് നടത്തപ്പെടുന്നത്. ഏപ്രിൽ 25 മുതൽ മെയ് 27 വരെ നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ എല്ലാ തദ്ദേശസ്ഥാപനങ്ങളിലേയും 2400 ഉദ്യോഗസ്ഥർ പങ്കെടുക്കും. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ്, ഇക്കോ നിവാസ് സംഹിത (ENS) എന്നീ വിഷയങ്ങളിൽ വിദഗ്ധർ ഇവർക്ക് പരിശീലനം നൽകും.

മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങൾക്ക് കേരള എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് & റൂൾസ്-2017, ഇക്കോ നിവാസ് സംഹിത എന്നിവ വിജയകരമായി നടപ്പിലാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കാനുണ്ട്. ഈ നിയമങ്ങളുടെ സുതാര്യമായ നടത്തിപ്പിനായി കൂടുതൽ പരിശീലനം വേണമെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആവശ്യം കണക്കിലെടുത്താണ് കെട്ടിട നിർമാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനം നൽകുന്നത്.




ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുന്നു



പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർ

# ബിൽഡിംഗ് എനർജി എഫിഷ്യൻസി എക്സ്പെർട്സിന് റിഫ്രഷർ കോഴ്സ്

**ബി**ൽഡിംഗ് മേഖലയിൽ ഊർജ്ജ കാര്യക്ഷമതയുടെയും ഊർജ്ജ സംരക്ഷണത്തിന്റെയും ആശയങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായി ഇ.എം.സി. എംപാനെൽ ചെയ്തിരിക്കുന്ന ബിൽഡിംഗ് എനർജി എഫിഷ്യൻസി എക്സ്പെർട്ട്സ് (BEEE) – കൾക്കായി ഒരു റിഫ്രഷർ കോഴ്സ് 2023 ഏപ്രിൽ 22–ന് നടത്തപ്പെട്ടു. എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് (ഇസിബിസി) അനുസൃതമായ കെട്ടിടങ്ങളുടെ രൂപകല്പനയ്ക്കും നിർമ്മാണത്തിനും സഹായം നൽകിക്കൊണ്ട്, സംസ്ഥാനത്ത് ഇസിബിസി നടപ്പാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന BEEE കൾക്കായി ഓൺലൈൻ ആയാണ് ഈ പരിശീലന പരിപാടി സംഘടിപ്പിച്ചത്.





എനർജി ടെക്നോളജിസ്റ്റ് ശ്രീ. ടോംസൺ സെബാസ്റ്റ്യൻ ഇസിബിസി നടപ്പാക്കലിലെ ഏറ്റവും പുതിയ വിവരങ്ങൾ പങ്കുവെച്ചു. എനർജി സിമുലേഷൻ വിദഗ്ധൻ ശ്രീ. യോഗേഷ് കർണപൂഷണം ബിൽഡിങ് എനർജി സിമുലേഷൻ നടത്തുമ്പോൾ സംഭവിക്കാവുന്ന പൊതുവായ പിശകുകളെക്കുറിച്ചും അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും വിശദീകരിച്ചു. ഈ പ്രോഗ്രാമിൽ BEEE കൾക്കായി സംശയ നിവാരണത്തിനുള്ള അവസരവും ഉൾപ്പെടുത്തിയിരുന്നു.



# കെട്ടിടങ്ങളിലെ ഊർജകാര്യക്ഷമത; പരിശീലനപരിപാടി സംഘടിപ്പിച്ചു

**കെ**ട്ടിടങ്ങളിലെ ഊർജസംരക്ഷണത്തിനായുള്ള ബിൽഡിംഗ് കോഡുകളും ചട്ടങ്ങളും പരിചയപ്പെടുത്തുന്ന പരിശീലനപരിപാടി ഇ.എം.സി.യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഏറണാകുളം ജില്ലയിലെ പാമ്പാക്കുടയിലുള്ള എം.ജി.എം. കോളേജ് ഓഫ് എഞ്ചിനീയറിങ് ആന്റ് ടെക്നോളജിയുടെ (എം.ജി.എം.സി.ഇ.ടി.) സെമിനാർ ഹാളിൽ 2023 ഏപ്രിൽ 19 ന് ആണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

സിവിൽ എഞ്ചിനീയറിങ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി. റിയ ടോമി സ്വാഗതമാശംസിച്ചു. ഇ.എം.സി. അംഗീകൃത ബി.ഇ.ഇ.ഇ. സർട്ടിഫൈഡ് ട്രെയിനർ ശ്രീമതി. ആഷിഖ സുൽത്താന പരിശീലനത്തിന് നേതൃത്വം നൽകി. സിവിൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി പ്രൊഫ. സോണി കെ. ജി. പരിപാടിക്ക് ആശംസകൾ നേർന്നു. ശ്രീമതി. നന്ദന അശോക് കുമാർ നന്ദി പ്രകാശിപ്പിച്ചു. സിവിൽ എഞ്ചിനീയറിങ് വിഭാഗത്തിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും പരിശീലനത്തിൽ പങ്കെടുത്തു.

# മൂലത്തറ ഇടത് കര കനാലിൽ 25 കിലോവാട്ടിന്റെ ഹൈഡ്രോ കൈനറ്റിക്ക്, വോർടെക്സ് പദ്ധതികൾ

പാലക്കാട്: മൂലത്തറ ഇടത് കര കനാലിൽ 25 കിലോവാട്ടിന്റെ ഹൈഡ്രോ കൈനറ്റിക്ക് പദ്ധതിയും വോർടെക്സ് പദ്ധതിയും നടപ്പിലാക്കുന്ന രീതിയെപ്പറ്റി ജലസേചനവകുപ്പുമായി ഇ.എം.സി. ഉദ്യോഗസ്ഥർ കൂട്ടായ ചർച്ച നടത്തി.



ഇ.എം.സി. ജോയിന്റ് ഡയറക്ടർ ശ്രീ. എ. എൻ. ദിനേശ് കുമാറും സംഘവും ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നു

പരിസ്ഥിതിയ്ക്ക് അനുയോജ്യമാകുന്ന രീതിയിൽ ജലസേചന കനാലുകളിൽ, ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ വൈദ്യുതി ഉല്പാദനം സാധ്യമാക്കുവാനായി ഇ എം സി പൈലറ്റ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി മൂലത്തറ ഇറിഗേഷൻ കനാലിലെ ഇടത് കരയിൽ ലോ സ്പീഡ് ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ പരീക്ഷിക്കുന്നതിനുള്ള വർക്ക് ഓർഡർ ഇ എം സി നൽകി കഴിഞ്ഞു. പ്രസ്തുത പദ്ധതിയുടെ ഡിസൈൻ നടപടികൾ നിലവിൽ പൂർത്തിയായി ടർബൈൻ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണ്.

അതുകൂടാതെ, വോർടെക്സ് സാങ്കേതികവിദ്യ ഉപയോഗിച്ച് കനാൽ ഡ്രോപ്പിന്റടുത്ത് അനുയോജ്യമായ ഇടത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ ജലവൈദ്യുത പദ്ധതി നടപ്പിലാക്കാനും ഇ.എം.സി. ഉദ്ദേശിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട സർവേ ടെൻഡർ നടപടികളുമായി ഇ.എം.സി. മുന്നോട്ട് പോവുകയാണ്.

ഈ രണ്ട് പദ്ധതികളുടെ നിരാക്ഷേപ പത്രം നൽകുന്നത് സംബന്ധിച്ച ചർച്ചകൾക്കായി ജലസേചന വകുപ്പ് ശിരുവാണി പ്രോജക്റ്റ് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീമതി. സിന്ധു ബി.യുടെ അധ്യക്ഷതയിൽ 2023 ഏപ്രിൽ 27 ന് യോഗം ചേർന്നിരുന്നു. ഇ.എം.സി. ജോയിന്റ് ഡയറക്ടർ ശ്രീ. ദിനേശ് കുമാർ എ.എൻ. ഇ.എം.സി. നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന രണ്ട് പദ്ധതികളെ പറ്റി വിശദമായി വിവരിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട് മുന്നോട്ട് പോകുവാനുള്ള സന്നദ്ധത ജലസേചന വകുപ്പ് അറിയിച്ചിട്ടുണ്ട്. യോഗത്തിൽ ഇ.എം.സി.യിലെയും ജലസേചന വകുപ്പിലെയും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256